**രജിസ്ട്രാറുടെ നടപടിക്രമം**
**കേരള വെറ്ററിനറി & അനിമൽ സയൻസസ് സർവകലാശാല**
**പൂക്കോട്, വയനാട് – 673576**

**(സംഗ്രഹം)**

കെ.വി.എ.എസ്.യു - പൊതുഭരണം - ക്ലാസ് III, ക്ലാസ് IV, സ്ഥിരം തൊഴിലാളി വിഭാഗം ജീവനക്കാരായ അപേക്ഷകർക്ക് ഡിപ്ലോമ ഇൻ ലൈവ് സ്റ്റോക്ക് മാനേജ്മെന്റ് കോഴ്സിൽ പ്രവേശനം നൽകുന്നതിന് മാനദണ്ഡങ്ങൾ നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുഭരണം**

നമ്പർ. KVASU/GA/A3/4184/2024(26) തീയതി, പൂക്കോട്, 20/02/2025

സൂചന:- 1.83-ാമത് ഭരണസമിതി യോഗതീരുമാനം(ഇനം നമ്പർ 3.9).
2.തൊഴിലാളി സർവ്വീസ് സംഘടനകളുമായി 08.07.2024 തീയതിയായി ചേർന്ന യോഗത്തിന്റെ മിനുട്സ്.
3.ഇതേ നമ്പറിൽ 13.08.2024 തീയതിയായി 86-ാമത് ഭരണസമിതി യോഗത്തിന്റെ പരിഗണനക്ക് സമർപ്പിച്ച കുറിപ്പ്.
4.86-ാമത് ഭരണസമിതി യോഗ തീരുമാനം(ഇനം 3.11)
5.KVASU/GA/A3/7723/2024(1) നമ്പറിൽ 15/01/2025 തീയതിയായി 48-ാമത് മാനേജ്മെന്റ് കൗൺസിലിന്റെ പരിഗണനക്ക് സമർപ്പിച്ച കുറിപ്പ്.
6. 48-ാമത് മാനെജ്മെൻ്റ് കൗൺസിൽ യോഗ തീരുമാനം (ഇനം OA 2)

**ഉത്തരവ്**

സർവ്വകലാശാല സ്റ്റാറ്റ്യൂട്ട് പ്രകാരം, ആഭ്യന്തര നിയമനത്തിനായി നിശ്ചയിച്ചിട്ടുള്ള അനുപാത പ്രകാരം ഫാം അസിസ്റ്റന്റ് Gr.II (വെറ്റി) ഒഴിവുകൾ നികത്തണമെന്ന ആവശ്യം അനധ്യാപക - തൊഴിലാളി സർവീസ് സംഘടനകൾ ദീർഘകാലമായി ഉന്നയിച്ച് വന്നിരുന്നു. സർവകലാശാല മാനേജ്മെന്റ് കൗൺസിൽ യോഗങ്ങളിലും ഈ ആവശ്യം ചർച്ച ചെയ്യപ്പെട്ടിരുന്നു. സർവകലാശാലയിലെ അനധ്യാപക തസ്തികകൾക്ക് സർക്കാർ അംഗീകാരം ലഭിച്ചതിനെ തുടർന്ന് കോമൺ കാറ്റഗറി തസ്തികകളുടെ കാര്യത്തിൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് പുറപ്പെടുവിച്ച സ്പെഷ്യൽ എക്സിക്യൂട്ടീവ് ഉത്തരവ് അടിസ്ഥാനമാക്കി ഒഴിവുകൾ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തു നിയമന ശുപാർശ പ്രകാരം നികത്തി വരുന്നു. അസിസ്റ്റൻറ് വിഭാഗത്തിൽ ഇൻറ്റേണൽ സെലക്ഷനു സർവകലാശാലയ്ക്ക് നടപടി സ്വീകരിക്കാവുന്നതാണെന്ന WP(C) 35619/2019 നമ്പർ റിട്ട് ഹർജിയിലേ 09.07.2021 തിയതി ആയ ബഹു. ഹൈക്കോടതി വിധിന്യായം അടിസ്ഥാനമാക്കി, സ്റ്റാറ്റ്യൂട്ട് അനുവദിച്ചിട്ടുള്ള അനുപാതത്തിൽ ഏഴോളം തസ്തികകകളിൽ ഇൻറ്റേണൽ സെലക്ഷൻ വഴി ഒഴിവുകൾ നികത്തിയിരുന്നു.

ഫാം അസിസ്റ്റന്റ് Gr.II (വെറ്റി) ഒഴിവ് നികത്തുന്നത് സംബന്ധിച്ച് സർക്കാരിൽ സമർപ്പിച്ച പ്രൊപ്പോസലിൽ നേരിട്ടുള്ള നിയമനം പി.എസ്.സി മുഖേന സാധ്യമാക്കുന്ന വിധം G.O(Ms.) No.11/2023/AHD നമ്പറിൽ 18.04.2023 തിയതി ആയി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി തസ്തികയിൽ നിലവിലുള്ള ഒഴിവുകളിൽ പി.എസ്.സി വഴി നേരിട്ട് നിയമനവും ഇന്റേണൽ സെലക്ഷനും 83-ാമത് ഭരണസമിതി യോഗത്തിന്റെ പരിഗണനക്കായി സമർപ്പിച്ചിരുന്നു. ഭരണ സമിതി 85-ാമത് യോഗത്തിൽ നേരിട്ടുള്ള നിയമനത്തിനുള്ള ഒഴിവുകൾ

Approved By Dr. P. SUDHEER BABU (REGISTRAR) on 20/02/2025 11:03 AM
(The document is digitally approved and does not require any Seal or Signature in original)

പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് അനുമതി നൽകിയിരുന്നു. ഭരണ സമിതി തീരുമാന പ്രകാരം 33 ഒഴിവുകൾ പി.എസ്.സി ക്ക് ഇതിനകം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർവ്വകലാശാലയിലെ ഫാം തൊഴിലാളികളുടെ വിവിധ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് ബഹു.വൈസ് ചാൻസലർ നിർദ്ദേശിച്ച പ്രകാരം വിളിച്ചു ചേർത്ത യോഗത്തിൽ ആഭ്യന്തര നിയമനത്തിന് സ്റ്റാറ്റ്യൂട്ട് ആവശ്യപ്പെടുന്ന യോഗ്യത കോഴ്സ് സർവ്വകലാശാല ഇതു വരെ നടത്തിയിട്ടില്ല എന്ന വിഷയം ഉന്നയിക്കപ്പെട്ടു. ഇക്കാര്യം 86-ാമത് ഭരണസമിതി യോഗത്തിന്റെ പരിഗണനക്ക് സമർപ്പിച്ചിരുന്നു. ഭരണസമിതിയുടെ മേൽ യോഗത്തിലെ തീരുമാനപ്രകാരം, സർവ്വകലാശാല ആരംഭിക്കാനിരിക്കുന്ന ഡിപ്ലോമ ഇൻ ലൈവ് സ്റ്റോക്ക് മാനേജ്മെന്റ് കോഴ്സ് പ്രവേശനത്തിന് സർവ്വീസിലുള്ളവരെ പരിഗണിക്കുന്നതിന് ചുവടെ ചേർക്കുന്ന മാനദണ്ഡങ്ങൾ നിശ്ചയിച്ചിരുന്നു.

1. സർവകലാശാല നിശ്ചയിച്ചു അറിയിക്കുന്ന സിലബസിൽ ഒബ്ജക്ടീവ് മാതൃകയിൽ പ്രവേശന പരീക്ഷ നടത്തുന്നതിന് ബാഹ്യ ഏജൻസിയെ നിയോഗിക്കുന്നതാണ് .

2. അപേക്ഷകർ സർവകലാശാലയിൽ കുറഞ്ഞത് മൂന്നു വർഷത്തെ റഗുലർ സേവനം പൂർത്തിയാക്കിവരായിരിക്കണം.

3. പ്രവേശന പരീക്ഷക്കും സർവീസ് കാലയാളവിനും 75 : 25 അനുപാതത്തിൽ മാർക്ക് നിശ്ചയിച്ച് മെറിറ്റ് അടിസ്ഥാനത്തിലുള്ള സീനിയോറിറ്റിയിൽ പ്രവേശന ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതാണ് . ഒരുവർഷത്തെ സർവീസിന് 1.5 (ഒന്നര) മാർക്ക് എന്ന ക്രമത്തിൽ ആകെ സർവീസ് കാലയളവിലേക്ക് പരമാവധി 25(ഇരുപത്തി അഞ്ച് ) മാർക്ക് നിശ്ചയിക്കാവുന്നതാണ്. ആറുമാസത്തിൽ കൂടുതൽ വരുന്ന കാലയളവ് ഒരുവർഷമായും കുറവ് വരുന്നത് ശൂന്യമായും പരിഗണിക്കുന്നതാണ്.

4. പ്രവേശനം നേടുന്നവർ കോഴ്സ് പൂർത്തിയാക്കാൻ ആവശ്യമായ കാലയളവിലേക്ക് അർഹതാ അവധി, ശൂന്യ വേതന അവധി ഇവയിൽ ഏതെങ്കിലും ഒന്നോ അല്ലെങ്കിൽ രണ്ടും കൂടിയോ പ്രയോജനപ്പെടുത്തേണ്ടതാണ്. ഇതിലേക്കായി അനുവദിക്കുന്ന ശൂന്യ വേതന അവധി കാലയളവ് പിന്നീട് യാതൊരു സർവീസ് ആനുകൂല്യങ്ങൾക്കും പരിഗണിക്കുന്നതല്ല.

5. കോഴ്സ്ഫീസ് ഉൾപ്പടെയുള്ള പഠന ചിലവുകൾ ഉദ്യോഗാർത്ഥികൾ സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും നിർവഹിക്കേണ്ടതാണ്. ഇക്കാര്യത്തിൽ സർവകലാശാലയിൽ നിന്നു യാതൊരു സമ്പത്തിക സഹായവും അനുവദിക്കുന്നതല്ല.

ഭരണസമിതി തീരുമാന പ്രകാരം ഫാം അസിസ്റ്റൻറ് ഇൻറ്റേണൽ സെലക്ഷന് നീക്കി വച്ചിട്ടുള്ള ഒഴിവുകളുടെ കാര്യത്തിൽ നടപടി സ്വീകരിക്കുന്നതിന് 48-ാമത് മാനേജ്മെന്റ് കൗൺസിൽ യോഗം അംഗീകാരം നല്കിയിട്ടുണ്ട്.

തദനുസരണം, ക്ലാസ് III/ക്ലാസ് IV/സ്ഥിരം തൊഴിലാളി വിഭാഗങ്ങളിൽ നിന്നുള്ള അപേക്ഷകരിൽ നിന്ന് ഡിപ്ലോമ ഇൻ ലൈവ് സ്റ്റോക്ക് മാനേജ്മെന്റ് കോഴ്സിലേക്ക് നിശ്ചയിച്ച അക്കാദമിക് യോഗ്യതകളുള്ളവരും സർവ്വീസ് സംബന്ധമായ അയോഗ്യതകളില്ലാത്തവരുമായവരുടെ

Approved By Dr. P. SUDHEER BABU (REGISTRAR) on 20/02/2025 11:03 AM
(The document is digitally approved and does not require any Seal or Signature in original)

പ്രവേശന ലിസ്റ്റ് മേൽ മാനദണ്ഡങ്ങൾക്കനുസൃതമായി പ്രസിദ്ധീകരിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവാകുന്നു.

**ഡോ. പി. സുധീർ ബാബു**
**രജിസ്ട്രാർ**

സ്വീകർത്താവ്: ജോയിൻറ് രജിസ്ട്രാർ (ഭരണം)
നോട്ടീസ് ബോർഡ്

പകർപ്പ്: സർവകാലശാലയിലെ എല്ലാ കോളേജ് /സ്റ്റേഷൻ മേധാവികൾക്കും- തങ്ങൾക്ക് കീഴിലുള്ള എല്ലാ അനധ്യാപക- തൊഴിലാളി ജീവനക്കാരുടെയും ശ്രദ്ധയിൽ പ്പെടുത്തുന്നതിനും നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തുന്നതിനും
എല്ലാ അധ്യാപക -അനധ്യാപക -തൊഴിലാളി സർവീസ് സംഘടകളുടെ ജനറൽ സെക്രട്ടറിമാർക്ക്
ജോയിൻറ് ഡയറക്ടർ ,കെ.എസ്.എ.ഡി, കെ.വി.എ.എസ്.യു / ലോ ഓഫീസർ /ലേബർ ഓഫീസർ /അസിസ്റ്റൻറ് രജിസ്ട്രാർ (ഭരണം 1)/ പി.എസ് ടു വി.സി /പി. എ ടു രജിസ്ട്രാർ

Approved By Dr. P. SUDHEER BABU (REGISTRAR) on 20/02/2025 11:03 AM
(The document is digitally approved and does not require any Seal or Signature in original)